LIBRARY ARCHIVES Kerala Legislative Assembly

പട്ടയം നൽകുന്നതിലെ കാലതാമസത്തിന് കാരണം

286(2642) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴക്കൂട്ടം മണ്ഡലത്തിൽ പട്ടയം നൽകുന്നതിന് ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടായതിന്റെ കാരണം വിശദമാക്കാമോ?

കഴക്കൂട്ടം മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ നിയമപരമായ നടപടിക്രമം പാലിക്കുന്നതിലെ കാലതാമസം മാത്രമാണുണ്ടായിട്ടുള്ളത്. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പട്ടയം നൽകാവുന്നതാണ്.

പട്ടയം ലഭ്യമാക്കാൻ നടപടി

287(2643) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ കള്ളിക്കാട്, അമ്പൂരി, വാഴിച്ചൽ വില്ലേജുകളൾപ്പെട്ട അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം നൽകാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ; ഇവർക്ക് എന്നത്തേയ്ക്ക് സ്ഥിരപട്ടയം നൽകാനാകുമെന്ന് അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട്, അമ്പൂരി, വാഴിച്ചൽ വില്ലേജുകളൾപ്പെട്ട അഞ്ചുചങ്ങല പ്രദേശത്ത് സർവ്വേനടപടികൾ പൂർത്തിയായിട്ടുള്ളതും ആയത് ഇറിഗേഷൻ വകുപ്പിന്റെ അംഗീകാരത്തിനായി 22-1-2020-ൽ സമർപ്പിച്ചിട്ടുള്ളതുമാകുന്നു. ഇറിഗേഷൻ വകുപ്പിന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ വ്യക്തിഗത സ്കെച്ചുകൾ തയ്യാറാക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ വില്ലേജിൽനിന്നും LA റിക്കാർഡുകൾ തയ്യാറാക്കാനും സാധിക്കുകയുള്ളൂ. ഇറിഗേഷൻ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് കൈവശക്കാർക്ക് പട്ടയം നൽകാൻ കഴിയുന്നതാണ്.

(ബി) പ്രസ്തുത പ്രദേശത്തെ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

1994-ൽത്തന്നെ പ്രസ്തുത പ്രദേശത്തെ റീ-സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) അഞ്ചുചങ്ങല പ്രദേശത്ത് ആകെ എത്ര പേർക്കാണ് പട്ടയം നൽകേണ്ടത്; ഇതിൽ താമസക്കാർ എത്രയാണെന്നും കൃഷിഭൂമി എത്രയാണെന്നും തരംതിരിച്ചിട്ടുണ്ടോ?